(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി6-97/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.
ഫോൺ; 04952371012
E-Mail:- dokkd.Ksad@kerala.gov.in

തീയതി. 23.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചോറോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചോറോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി6/97/2017. തീയ്യതി 23-1-2017

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 13.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ .. എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.കെ.കെ.സതീഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.12.2016 മുതൽ 26.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാജീവൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എ.അബൂബക്കർ | 1.4.2015 മുതൽ 31.10.2015..വരെ |
| | നളിനി.കെ.കെ. | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | മുസ്തഫ.എ.വി. | 1.4.2015 മുതൽ .31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | രാജശ്രീ.സി.എച്ച്. | 1.4.2015 മുതൽ .31.3.2016 വരെ |
| കൃഷി ഓഫീസർ | വിദ്യാബാബു. | 1.4.2015 മുതൽ .31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഷൈനി നമ്പീശൻ | 1.4.2015 മുതൽ .31.10.2015 വരെ |
| | രാജേഷ് | 01.11.2015 മുതൽ .31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.. | പി.സുരേഷ്ബാബു. | 1.4.2015 മുതൽ .31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | | 1.4.2015 മുതൽ .31.3.2016 വരെ |
| വി.ഇ.ഒ | മഹേഷ്.പി.വി. | 1.4.2015 മുതൽ .31.3.2016 വരെ |
| | സുനീഷ്.ടി.വി. | 1.4.2015 മുതൽ .31.3.2016 വരെ |
| .ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പുഷ്പ.കെ. | 1.4.2015 മുതൽ30.6.2015 വരെ |
| | പുഷ്പലത.പി. | 1.7.2015 മുതൽ 31.3.2016 വരെ |
| അസി.എഞ്ചിനീയർ. | സിമി ഭാസ്കർ. | 1.4.2015 മുതൽ .31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റുമൈസ.പി.എം. | 1.4.2015 മുതൽ .31.3.2016 വരെ |
| ഹെഡ് മാസ്റ്റർ | ഗോപിനാഥൻ.കെ.ടി. | 1.4.2015 മുതൽ .31.3.2016 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ദിൽന.ഡി.എസ്. | 1.4.2015 മുതൽ .31.4.2015 വരെ |
| | ഉണ്ണികൃഷ്ണൻ.കെ.പി. | 1.5.2015 മുതൽ .31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| | | | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-1 | |
| 12 | രശീതുകളുടെ ഉപയോഗം- അപാകതകൾ | 2-2 | |
| 13 | ലൈസൻസ് ഫീ ഈടാക്കുന്നതിൽ കുറവ്. | 2-3 | |
| 14 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-4 | |
| 15 | കെട്ടിടനികുതി പരിധിയിൽ നിന്നും ആയിരത്തിലധികം കെട്ടിടങ്ങൾ ഒഴിവാക്കി-വരുമാനത്തിൽ വൻ ചോർച്ച | 2-5 | |
| 16 | കെട്ടിട നിർമ്മാണം അപേക്ഷകൾ-അപാകതകൾ | 2-6 | |
| 17 | പരസ്യനികുതി -വരുമാന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല. | 2-7 | |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 18 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച-1.84 കോടി രൂപ നഷ്ടപ്പെടുത്തി | 3-1 | |
| 19 | ചെറുകിട വ്യവസായ മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്തില്ല | 3-2 | |
| 20 | നിർവ്വഹണ ഏജൻസിക്ക് ടാർ വിലയിനത്തിൽ അധിക തുക നല്കി | 3-3 | |
| 21 | ജലനിധി-ഒയിസ്ക ഇന്റർനാഷണലിന് കൺസൾട്ടൻസി ചാർജ്ജ്-സേവനനികുതി ഈടാക്കിയില്ല | 3-4 | |

| | | | |
|---|---|---|---|
| 22 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്റ്റ് | 3-5 | |
| 23 | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-6 | |
| 24 | എസ്.എസ്.എ പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച | 3-7 | |
| 25 | അങ്ങാടി ശുചീകരണം, മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-8 | |
| 26 | അങ്കണവാടികളിൽ പൂരക പോഷകാഹാര വിതരണം- ടെണ്ടർ ക്ഷണിക്കാതെ പാൽ വാങ്ങി വിതരണം നടത്തി. | 3-9 | |
| 27 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-10 | |
| 28 | കുടുംബശ്രീ എസ്.സി.എ.ഫണ്ട് ചെലവഴിച്ചില്ല. | 3-11 | |
| 29 | ഐ.എ വൈ. ഗ്രാമ പഞ്ചാത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-12 | |
| 30 | ക്ഷീര ഗ്രാമം പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 3-13 | |
| 31 | വിള ഇൻഷ്വറൻസ് അടയ്ക്കാത്ത കർഷകർക്ക് നെൽകൃഷി കൂലിചെലവ് പദ്ധതിയിൽ ആനുകൂല്യം നൽകി | 3-14 | |
| 32 | പദ്ധതി രൂപീകരണം മോണിറ്ററിംഗ് - നിർവ്വഹണത്തിൽ വീഴ്ച | 3-15 | |
| 33 | മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-16 | |
| 34 | മീഡിയാശ്രീ പദ്ധതി - പ്രവർത്തനം പൂർത്തിയാക്കിയില്ല | 3-17 | |
| 35 | അഞ്ച് വർഷക്കാലത്തെ വികസന രേഖ പ്രസിദ്ധീകരിക്കൽ. അപാകതകൾ | 3-18 | |
| 36 | ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | 3-19 | |
| 37 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിച്ചത്- പഴയ മോട്ടോർ കൈയ്യൊഴിഞ്ഞില്ല | 3-20 | |
| 38 | തെരുവുവിളക്കുകളുടെ എ.എം.സി നല്കിയത്- ആദായനികുതി ഈടാക്കിയില്ല | 3-21 | |
| 39 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-22 | |

| | | | |
|---|---|---|---|
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 03-03-2016 തിയതിയിലെ 49/2016 തീരുമാനപ്രകാരം പാസ്സാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 13.06.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22-12-2016 | അനുബന്ധമായി ഉൾപ്പെടുത്തി. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആൻറ് പേയ്മെൻറ് പത്രിക പ്രകാരം)

മുന്നിരിപ്പ് -4049800

വരവ് -65492983

ആകെ -105990983

ചെലവ് -71338678

നീക്കിയിരിപ്പ്- 34652307

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4744573 | 0 | 13489571 | 13091740 | 0 | (+) 8744998 (-) 397831 |
| വികസനഫണ്ട് എസ്.സി.പി. | 2107454 | 927756 | 3035210 | 967756 | 0 | (-) 2067454 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 50000 | 50000 | 50000 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 852254 | 0 | 852254 | 852254 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3261297 | 0 | 3261297 | 32691297 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2446763 | 5525345 | 7972108 | 4050564 | 0 | (-)3921544 |
| പെർഫോമൻസ് ഗ്രാന്റ് | 3459000 | 2344602 | 5803602 | 3047602 | 0 | (-)2756000 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 7232954 | 7232954 | 7229798 | 3156 | |
| ബി ഫണ്ട് | 0 | 50599040 | 50599040 | 50599040 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 102860602 | 94 | 33961908 | 11 | 102 | 45.41 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 84.54ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5427658 | 4561967 | 865691 | -15.94 |
| നികുതിയേതര വരവുകൾ | 10779787 | 25492337 | 14712550 | 136.48 |
| മറ്റുവരവുകൾ | 251627 | 320700 | 69073 | 27.45 |
| ആകെ | 16459072 | 30375004 | 13915932 | 84.54 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 146040 | |
| കർഷകതൊഴിലാളി പെൻഷൻ | 4179330 | 5202 |
| വിധവാപെൻഷൻ | 11206680 | 10550 |
| വാർദ്ധക്യകാലപെൻഷൻ | 9059400 | 10711 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3998800 | 3803 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 1246240 | 1168 |
| വിവാഹ ധനസഹായം | 450000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2016 ന് രാവിലെ 10.15 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 20.12.2016 തീയതിയിലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ 11132 രൂപ 20.12.2016 തീയതിയിൽ തന്നെ ബാങ്ക് അക്കൗണ്ടിൽ അടവാക്കിയിട്ടുള്ള വിവരം പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. 21.12.2016 തീയതി പരിശോധനാ സമയം വരെ മറ്റ് വരവുകളൊന്നും ഇല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/06/2016-23 /06/2016 | മെയ് 2016 | 08-11-2016( എ-10-13477/2016) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-07-2016 | 2011-12 മുതൽ 2015-16 വരെ | 11.07.2016(എ.ജി.എൽ.ബി.എ-എച്ച്.ക്യൂ.VI/8A-82/2001) |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യ പത്രിക,അനുബന്ധ പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

2) ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3) സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതി വരെയുള്ള പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

4) വാറ്റ്, ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളുടെ ഐടി,വാറ്റ്,ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട്

ചെയ്തിട്ടില്ല.

5) ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6) കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ,കെട്ടിട നികുതി വേക്കൻസി റെമിഷൻ, റൈറ്റ് ഓഫ് രജിസ്റ്റർ,പൊളിച്ചുമാറ്റിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കുന്നില്ല.സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റും വാർഷിക കണക്കുകളിലെ ഡിമാന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വസ്തു നികുതി ഡിമാന്റിൽ 2014-15 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 1190216 രൂപയുടെ കുറവുണ്ട്.2014-15 വാർഷിക കണക്കുപ്രകാരം 1579878.25 രൂപ 2015-16 വർഷത്തിൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ 1306445.25 രൂപ മാത്രമാണ് വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ളത്.

7) പഞ്ചായത്ത് ഫണ്ടിൽ മുൻവർഷത്തേതിൽ നിന്നും 824 രൂപയുടെ വിത്യാസമുണ്ടായിട്ടുണ്ട്.

8) RP-36 പ്രകാരം 141184 രൂപ വസ്തുനികുതിയിനത്തിൽ മുൻകൂറായി ലഭിച്ചതായ് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഈയിനത്തിലെ ബാദ്ധ്യതയായ് 150089 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

9) വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ്സ് 40-b ഷെഡ്യൂൾ പ്രകാരം ചോറോട് സർവ്വീസ് സഹകരണബാങ്കിലെ എം.എൻ.ലക്ഷംവീട് പദ്ധതിയുമായ് ബന്ധപ്പെട്ട അക്കൗണ്ടിലെ ക്ലോസിംഗ് ബാലൻസ് 48184 രൂപയാണ്. എന്നാൽ പ്രസ്തുതഅക്കൗണ്ടിൽ ബാങ്ക്സ്റ്റേറ്റ്മെന്റ് പ്രകാരം 50064 രൂപ നീക്കിയിരിപ്പുണ്ട്.

10) ചോറോട് സർവീസ് സഹകരണ ബാങ്കിലെ സി.എസ്.ബി 948 നം. അക്കൗണ്ടിന്റെ നവംബർ മാസത്തിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 3 മാസ കാലാവധി കഴിഞ്ഞ ചെക്കുകൾ ദീർഘ കാലമായി അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടാതെയിരിക്കുന്നതായ് കാണുന്നു. കാലാവധി കഴിഞ്ഞ ചെക്കുകൾ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും മേൽ ചെക്കുകൾ റദ്ദ് ചെയ്തതായി കണക്കാക്കി വാർഷിക കണക്കുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം | ചെക്കിന്റെ തീയതി | തുക |
|---|---|---|---|---|
| 1 | 1 | 91365 | 01-03-2012 | 350 |
| 2 | 21301061 | 172662 | 25-03-2014 | 169 |
| 3 | 21400305 | 176198 | 07-07-2014 | 767 |
| 4 | 21401075 | 176644 | 16-03-2015 | 437 |
| 5 | 21401073 | 176639 | 16-03-2015 | 262 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 രശീതുകളുടെ ഉപയോഗം- അപാകതകൾ

ചോറോട് ഗ്രാമപഞ്ചായത്തിലെ രശീത് ബുക്കുകൾ,സാംഖ്യ രശീതുകൾ സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സാംഖ്യ രശീതുകൾ സ്റ്റോക്കിൽ വരവ് വയ്ക്കുന്നുണ്ടെങ്കിലും രശീതുകളുടെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) 2016-17 വർഷത്തെ രശീത് ബുക്കുകളിലെ രശീതുകൾ കാരണമില്ലാതെ റദ്ദ് ചെയ്യുന്നു.
ഉദാ : 34679 നമ്പർ രശീത് ബുക്കിലെ 19 മുതൽ 100 വരെയുള്ള രശീതുകൾ

34685 നമ്പർ രശീത് ബുക്കിലെ 42 മുതൽ 100 വരെയുള്ള രശീതുകൾ

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ 26.12.16 തീയതിയിലെ 26-ാം നമ്പർ

ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 ലൈസൻസ് ഫീ ഈടാക്കുന്നതിൽ കുറവ്.

ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഒരു ദിവസത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്.എന്നാൽ ഭൂരിഭാഗം അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ഉദാ : 12, 41, 54, 65 ,66 ക്രമ നമ്പറായുള്ള അപേക്ഷകൾ

2) വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വിറ്റു വരവ് | പട്ടികII പ്രകാരം ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | കൃഷ്ണ ഓട്ടോ ഏജൻസീസ് (പെട്രോൾ പമ്പ്) | 60000 | 2000 | 1000 | 1000 |
| 2 | ഗുഡ്‌വിൽ മാർക്കറ്റിംഗ് | 15000 | 300 | 100 | 200 |

3) പട്ടിക III പ്രകാരം ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ലൈസൻസ് ഫീയിൽ കുറവ് വന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | പട്ടികIII പ്രകാരം ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | റിഫൈൻഡ് ഫിഷ് ഓയിൽ പ്രൊഡക്ഷൻ യൂണിറ്റ് (ടി.ഇന്ദിര,ശ്രീ നിലയം ) | 35 | 400 | 200 | 200 |

4) പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഇത് മൂലം പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനാവില്ല.

5) 27 സ്ഥാപനങ്ങൾ 2015-16 വർഷത്തിൽ ഫൈൻ അടച്ച് ലൈസൻസ് പുതുക്കിയതായ് കാണുന്നു.പ്രസ്തുത സ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ രണ്ട് മുതൽ നാലുവരെ വർഷം വരെ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചത് എന്നത് അപേക്ഷകളിൽ നിന്നും വ്യക്തമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്ത് യാതൊരുവിധ നടപടികളും കൈകൊള്ളുന്നില്ലെന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു.

6) സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 1535 കെട്ടിടങ്ങളുണ്ട്. എന്നാൽ 2015-16 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 459 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വിത്യാസമുള്ള കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

7)കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 205.ബി പ്രകാരം നോട്ടീസ് നൽകി കെട്ടിട ഉടമകളിൽ നിന്നും കെട്ടിടം ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ശേഖരിക്കുകയോ ഫീൽഡ് പരിശോധന നടത്തി നോട്ടീസ് നൽകുകയോ ചെയ്യാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

ചോറോട് ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലൈസൻസ് രജിസ്റ്റർ പ്രകാരം മൂന്നോ അതിലധികമോ ജീവനക്കാർ ജോലിചെയ്യുന്ന 26 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 20 സ്ഥാപനങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുകയോ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

2) മുട്ടുങ്ങൽ സൗത്ത് യു.പി.സ്കൂൾ,അർജുൻ പൈപ്പ്സ്,എയ്സ് മോട്ടോർസ് ,ഫ്ലോവെൽ പൈപ്പ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ കുടിശ്ശികയുണ്ടായിട്ടും പഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) കെ.എസ്.ഇ.ബി യിൽ നിന്നും നാളിതുവരെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-5 കെട്ടിടനികുതി പരിധിയിൽ നിന്നും ആയിരത്തിലധികം കെട്ടിടങ്ങൾ ഒഴിവാക്കി- വരുമാനത്തിൽ വൻ ചോർച്ച

ചോറോട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററുകൾ, മുൻകാല ഡിമാന്റ് രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള റിപ്പോർട്ടുകൾ, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2012-13 മുതൽ പഞ്ചായത്തിൽ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2011-12 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം 10534 കെട്ടിടങ്ങൾ വസ്തുനികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ 1007 പുതിയകെട്ടിടങ്ങൾക്ക് നമ്പറനുവദിച്ച് നികുതി നിർണ്ണയിച്ചതായി ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ നിന്നും 11541 കെട്ടിടങ്ങൾക്ക് ഓഡിറ്റ് വർഷത്തിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണെന്ന് കാണാം. എന്നാൽ ഈ കെട്ടിടങ്ങൾക്ക് മുഴുവൻ 2015-16 ൽ വസ്തുനികുതി ഡിമാന്റ് ചെയ്തോയെന്ന് വ്യക്തമല്ല. സഞ്ചയ റിപ്പോർട്ട് പ്രകാരം 10707 കെട്ടിടങ്ങളുടെ നികുതി മാത്രമാണ് 2015-16 വർഷം ഡിമാന്റ് ചെയ്തത്. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഇത്രയും കെട്ടിടങ്ങൾക്ക് 3442596 രൂപ വസ്തുനികുതി ഇനത്തിൽ ഡിമാന്റ് ചെയ്യേണ്ടതാണ്. എന്നാൽ തൻവർഷം 2839434 രൂപ മാത്രമാണ് ഈയിനത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നതെന്ന് വാർഷികകണക്കിൽ നിന്നും വ്യക്തമാകുന്നു.

മേൽ കാര്യങ്ങളിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ വ്യക്തമാകുന്നു.

1) 2015-16 ൽ 11541 കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുന്നതിന് പകരം 10707 കെട്ടിടങ്ങൾക്ക് മാത്രമാണ് സഞ്ചയ റിപ്പോർട്ട് പ്രകാരം നികുതി ഡിമാന്റ് ചെയ്തത്. ഡിമാന്റ് ചെയ്തതിൽ 834 കെട്ടിടങ്ങളുടെ കുറവ് വന്നിട്ടുണ്ട്.

2) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 10707 കെട്ടിടങ്ങളുടെ നികുതി 3442596 രൂപയാണെങ്കിലും വാർഷിക കണക്ക് പ്രകാരം ഇത് 2839434 രൂപ മാത്രമാണ്. ഇതിൽ നിന്നും 10707 കെട്ടിടങ്ങളുടെ ഡിമാന്റിൽ തന്നെ 603162 രൂപയുടെ നികുതിയും തൻവർഷം ഡിമാന്റ് ചെയ്യാത്ത 834 കെട്ടിടങ്ങളുടെ നികുതിയും ഡിമാന്റ് ചെയ്യുന്നതിൽ കുറവ് വന്നിട്ടുണ്ട്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടത് മൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ഭീമമായ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ കെട്ടിടങ്ങൾ നികുതി പരിധിയിൽ നിന്നും ഒഴിവാകാനുണ്ടായ കാരണം വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ നികുതിവിധേയ കെട്ടിടങ്ങളും സഞ്ചയസോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

## **2-6** കെട്ടിട നിർമ്മാണം അപേക്ഷകൾ–അപാകതകൾ

ഫയലുകൾ ലഭ്യമാക്കിയില്ല

ഓഡിറ്റിന് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട 2015-16 വർഷത്തെ മുഴുവൻ ഫയലുകളും ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ സൂക്ഷിക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല.

ക്രമവത്കരണം- ഫീ ഈടാക്കിയില്ല.

ശ്രീ.ബഷീർ മണിയാറത്ത് ചോറോട് ഈസ്റ്റ് എന്നവരുടെ കെട്ടിട നമ്പറിനുള്ള അപേക്ഷയിൽ ( നം.199/15-16) കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത് 249.79 ചതുരശ്ര മീറ്ററിനാണ്. ടിയാന് അനുവദിച്ച കെട്ടിട നിർമ്മാണ ലൈസൻസ് പ്രകാരം 204.3 ചതുരശ്ര മീറ്ററിന് മാത്രമെ നിർമ്മാണ അനുമതിയുള്ളു.അധികമായി നിർമ്മിച്ച 45.49 ചതുരശ്ര മീറ്റർ ക്രമവത്കരിച്ച് നൽകിയിട്ടുണ്ടെങ്കിലും ഫീ ഈടാക്കിയിട്ടില്ല. ഈ കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും ക്രമവത്കരണ ഫീ ഇനത്തിൽ ഈടാക്കേണ്ട 460 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## **2-7** പരസ്യനികുതി -വരുമാന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുമരിലോ പരസ്യപലകയിൻമേലോ എടുപ്പിൻമേലോ അതിന്റെ മുകളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പരസ്യനികുതി ഈടാക്കാവുന്നതാണ്. ഇതിനായി നിരക്കുകളും മറ്റു കാര്യങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളുടെ ബൈലോ പഞ്ചായത്ത് തയ്യാറാക്കേണ്ടതും ബൈലോക്ക് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമാണ്. ചോറോട് ഗ്രാമപഞ്ചായത്ത് പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകരിച്ച് സർക്കാരിൽ നിന്നും അംഗീകാരത്തിനായ് അയച്ചിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല.ദേശീയപാത കടന്നു പോകുന്ന പഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കുന്നപക്ഷം പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വർദ്ധനവുണ്ടാകും. പഞ്ചായത്ത് കാര്യലയത്തിന് മുന്നിൽ മാത്രമായി 6 ഭീമൻ പരസ്യഫലകങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഈയിനത്തിൽ പഞ്ചായത്തിന് വരുമാനമില്ല. ബൈലോക്ക് എത്രയും പെട്ടന്ന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-**3**

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** പദ്ധതി നിർവ്വഹണത്തിൽ വീഴ്ച-**1.84** കോടി രൂപ നഷ്ടപ്പെടുത്തി

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിലെ വീഴ്ച മൂലം വിവിധ

ഗ്രാന്റിനങ്ങളിലായി 1.84കോടി രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | നഷ്ടപ്പെട്ട തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 15044582 | 11400349 | 3644233 | |
| 2 | പ്ലാൻ ഫണ്ട് SCP | 3295454 | 967756 | 2327698 | |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7493825 | 4050564 | 3443261 | |
| 4 | ലോകബാങ്ക് ധനസഹായം | 3459000 | 3047602 | 411398 | |
| 5 | പ്രത്യേക ഗ്രാന്റ് | 2223137 | 1691391 | 531746 | |
| 6 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 7057297 | 1693884 | 2685444 | |
| 7 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 3325254 | 639810 | 5363413 | |
| ആകെ | | 41898549 | 23491356 | 18407193 | 56 |

ലഭ്യമായ ഗ്രാന്റുകളുടെ 56% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. 1.84 കോടിയുടെ നീക്കിയിരിപ്പുതുക 15-16 വർഷാവസാനം ലാപ്സായിരിക്കുന്നതിനാലും, നാളിതുവരെ മേൽ തുക സർക്കാർ തിരികെ നല്കിയിട്ടില്ലാത്തതിനാലും ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്.

ആകെ വകയിരുത്തിയ ഫണ്ടുകളുടെ കാര്യം പരിഗണിക്കുമ്പോൾ 207 പ്രൊജക്ടുകൾക്ക് വകയിരുത്തിയ 10.28 കോടിയുടെ 33% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത് .ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 6.88 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു.തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയിൽ നിന്നുമാണ് ചെലവ് വളരെ കുറഞ്ഞതെന്ന് രേഖകൾ വ്യക്തമാക്കുന്നു. 3.92 കോടി രൂപ വകയിരുത്തിയതിൽ 33.57 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്.

അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

അസി.എഞ്ചിനീയറുടെ ചെലവ് 16% മാത്രം-1.28 കോടി രൂപ നഷ്ടപ്പെടുത്തി

122 പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയർ 47 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക ചെലവഴിച്ചത് .ഇതുമൂലം 6.46 കോടി രൂപ വകയിരുത്തിയതിൽ 16% തുകയായ 1.02 കോടി മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. ഓഡിറ്റ് വർഷം നഷ്ടപ്പെട്ടതായി സൂചിപ്പിച്ച 1.84 കോടി രൂപയിൽ 1.28 കോടിയും നഷ്ടമായത് അസി.എഞ്ചിനീയറുടെ ചെലവ് കുറഞ്ഞതുമൂലമാണ്.വിഭാവനം ചെയ്ത പ്രൊജക്ടുകളുടെ ആധിക്യവും, നിർവ്വഹണത്തിനായി ഏജൻസിയെ/ കരാറുകാരെ കണ്ടെത്തുന്നതിലെ വീഴ്ചയും ഈ മേഖലയിലെ പ്രധാനമായ പോരായ്മകളാണ്.

അസി.സെക്രട്ടറിയുടെ ചെലവ് 25.32%-നഷ്ടം 19.76 ലക്ഷം രൂപ

15 പ്രൊജക്ടുകൾക്ക് 41 ലക്ഷം രൂപ വകയിരുത്തിതിൽ 10.38 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കാനായത്. 7 പ്രൊജക്ടുകൾ നിർവ്വഹിക്കാത്തതിനാൽ വകയിരുത്തിയ തുകയിൽ 31 ലക്ഷത്തോളം രൂപ തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞില്ല. ഇതിൽ 19.76 ലക്ഷം രൂപ പ്ലാൻ (എസ്.സി.പി ) ഫണ്ടായതിനാൽ നഷ്ടപ്പെട്ടു.

ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന്റെ വിവിധ തലങ്ങളിലുള്ള വികസനത്തിന് വിനിയോഗിക്കേണ്ട തുക നഷ്ടപ്പെടുത്തിയതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-2 ചെറുകിട വ്യവസായ മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ രണ്ട് വി.ഇ.ഒ മാർ ചുമതലനിർവ്വഹിക്കുന്നുണ്ട്. എന്നാൽ ഇവർ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തേണ്ട ചെറുകിട വ്യവസായ മേഖലയിൽ ഓഡിറ്റ് വർഷത്തിൽ പദ്ധതികളൊന്നും തന്നെ നിർവ്വഹിച്ചിട്ടില്ല. പ്രൊജക്ട് നമ്പർ 112 ആയി വ്യവസായകേന്ദ്രത്തിൽ നാപ്കിൻ നിർമ്മാണയൂണിറ്റ് കുടുംബശ്രീ മുഖേന എന്ന പ്രൊജക്ട് 4 ലക്ഷം രൂപ വകയിരുത്തി വഅംഗീകാരം വാങ്ങിയെങ്കിലും തുകയൊന്നും വിനിയോഗിച്ചിട്ടില്ല.വ്യവസായ സാധ്യതയുള്ള പഞ്ചായത്തിൽ ഈ മേഖലയിൽ ഇടപെടലുകൾ നടത്തേണ്ടത് അത്യന്താപേക്ഷി തമാണെന്നിരിക്കെയാണ് അപാകത. ഇക്കാര്യത്തിൽ വ്യക്തമായവിശദീകരണം നല്കേണ്ടതാണ്.

## 3-3 നിർവ്വഹണ ഏജൻസിക്ക് ടാർ വിലയിനത്തിൽ അധിക തുക നല്കി

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അവസാനബിൽതുക നല്കിയ താഴെ പറയുന്ന ടാറിംഗ് ഉൾപ്പെടുന്ന റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ, ടാർ ഗ്രാമപഞ്ചായത്ത് വാങ്ങി വിതരണം ചെയ്യുകയായിരുന്നു.ടാറിന്റെ ഷെഡ്യൂൾ നിരക്കും മാർക്കറ്റ് നിരക്കും തമ്മിലുള്ള വ്യത്യാസം(മാർക്കറ്റ് നിരക്ക് അധികമാണെങ്കിൽ) ഗ്രാമപഞ്ചായത്തിന് വഹിക്കാമെന്നതിനാൽ വിലവ്യത്യാസം കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്.എല്ലാ പ്രവൃത്തികളുടെയും കാര്യത്തിൽ കിലോഗ്രാമിന് 10.47 രൂപ നിരക്കിലാണ് എസ്റ്റിമേറ്റിൽ വിലവ്യത്യാസം കൂട്ടിയത്. ആകെ പ്രവത്തിമൂല്യത്തിന്റെ കൂടെ ടാറിന്റ് അധികകവിലയിനത്തിൽ മേൽ തുക കൂട്ടുകയും അതിൽനിന്നും ടാറിന്റെ യഥാർവില കുറവ് വരുത്തുകയും ചെയ്താണ് അവസാനബിൽതുക നല്കിയത്.എന്നാൽ ഇപ്രകാരം തുക നല്കിയപ്പോൾ ,ടാറിന്റെ അധികവില ഉൾപ്പടെ ടാറിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നല്കിയ തുകയ്ക്ക് തുല്യമായ തുക കുറവുവരുത്തിയിട്ടില്ല. ടാറിങ്ങിന്റെ നിരക്കിൽ ടാറിന്റെ വില കിലോയ്ക്ക് 44.06 രൂപയും കൺവെയൻസ് ഇനത്തിൽ 1.69 രൂപയും ഉൾപ്പടെ 45.75 രൂപ ഉൾപ്പെട്ടിട്ടുണ്ട്.കൂടാതെ വിലവ്യത്യാസത്തിലുള്ള 10.47 രൂപയുംപരിഗണിക്കുമ്പോൾ ആകെ 56.22 രൂപ എസ്റ്റിമേറ്റിൽ ടാറിന് നല്കിയിട്ടുണ്ട്.എന്നാൽ കിലോയ്ക്ക് 50.21 രൂപ നിരക്കിലാണ് ബില്ലിൽ നിന്നും തുക ഈടാക്കിയത്.ഇതുമൂലം നിർവ്വഹണ ഏജൻസിക്ക് അധികതുക ലഭിച്ചിട്ടുണ്ട്.

| ക്രമനം | പ്രവൃത്തി | ആകെ മൂല്യം | അവസാനബിൽതുക | അളവുപുസ്തകം | ഉപയോഗിച്ച ടാറിന്റെ അളവ്(അളവുപുസ്തകം പ്രകാരം) | അധികനിരക്ക് ഉൾപ്പടെ ടാറിന് നല്കിയ തുക | ഈടാക്കിയ മാർക്കറ്റ് വില | അധികം നല്കിയത് |
|---|---|---|---|---|---|---|---|---|
| 1 | 125/16-മാത്തിൽമുക്ക് വാഴയിൽമുക്ക് റോഡ് റിപ്പയർ | 395163/- | 156079<br>വൌ.നം.25/31.3.14 | 79/14-15 | 2472.64<br>കി.ഗ്രാം | 113123+<br>25888.54=139012 | 123921/- | 15091/- |
| 2 | 133/16-KSEB മുട്ടുങ്ങൽ ബീച്ച് റോഡ് റിപ്പയർ | 393054/- | 143061/-<br>വൌ.നം.1/12.2.16 | 94/14-15 | 3019.23 കി.ഗ്രാം<br>3026 കി.ഗ്രാം വിതരണം ചെയ്തു | 138440+<br>31611=<br>170051 | 151939/- | 18112/- |
| 3 | 135/16-വടക്കെ പുതിയാടത്തിൽ മുക്ക് | 624256/- | 338331/-വൌ.നം.<br>17/31.3.16 | 106/14-15 | 1746 കി.ഗ്രാം | 79880+<br>18281= | 87669/- | 10492/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കപ്പൊയിൽ റോഡ് പുനരുദ്ധാരണം | | | | | 98161 | | |
| 4 | 127/16-മീത്തലങ്ങാടിMSUP സ്കൂൾ റോഡ് റിപ്പയർ | 390676/- | 138922/-<br>വൌ.നം.26/31.3.16 | 81/14-15 | 3208കി.ഗ്രാം | 146766+<br>33594=<br>180360 | 161078/- | 19282/- |
| 5 | 137/16-വൈക്കിലശ്ശേരി തെരു ശ്മശാനം റോഡ് ടാറിംഗ് | 402300/- | 209000/-<br>വൌ.നം<br>4/17.3.16 | 99/14-15 | 1223 കി.ഗ്രാം | 55952+<br>12789=<br>68741 | 61408/- | 7333/- |
| 6 | 134/16-ജവൻ റോഡ് സോളിംഗ് ടാറിംഗ് | 404189/- | 230266/-<br>വൌ.നം.3/19.1.16 | 102/14-15 | 1349.51<br>കി.ഗ്രാം<br>1528 കി.ഗ്രാം<br>വിതരണം ചെയ്തു | 61740+<br>8962+<br>14129 =84831 | 76723/- | 8108/- |
| ആകെ | | | | | | | | 78418/- |

അപാകതയ്ക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. 78418/- രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ജലനിധി-ഒയിസ്ക ഇന്റർനാഷണലിന് കൺസൾട്ടൻസി ചാർജ്ജ്-സേവനനികുതി ഈടാക്കിയില്ല

ചോറോട് ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് കേരള റൂറൽ വാട്ടർ സപ്ലൈ&സാനിട്ടേഷൻ ഏജൻസിയുമായി സ്ഥാപനം കരാർ ചമച്ചിട്ടുണ്ട്. പദ്ധതിയുടെ സപ്പോർട്ടിംഗ് ഓർഗനൈസേഷനായി ഒയിസ്ക ഇന്റർനാഷണലിനെ തെരെഞ്ഞെടുക്കുകയും കരാർ ചമച്ച് പദ്ധതിപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.പദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ താഴെ പറയും പ്രകാരം ഏജൻസിയ്ക്ക് കൺസൾട്ടൻസി ചാർജ്ജ് നല്കിയിട്ടുണ്ട്.

| ക്രമനം. | തീയതി | വൌച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | 7.8.15 | 21500289 | 363825 |
| 2 | 23.12.15 | 21500638 | 313589 |
| 3 | 23.12.15 | 21500639 | 46400 |
| 4 | 1.3.16 | 21500838 | 75268 |
| 5 | 1.3.16 | 21500839 | 313589 |
| 6 | 5.3.16 | 21500872 | 64564 |
| 7 | 23.3.16 | 21500985 | 34843 |

| | |
|---|---|
| ആകെ | 1212078/- |

കനറാ ബാങ്ക് കൈനാട്ടി ശാഖയിൽ ആരംഭിച്ച 5418101001054 നമ്പർ അക്കൌണ്ടിൽ നിന്നാണ് മേൽ ചെലവുകൾ വഹിച്ചിരിക്കുന്നത്.മൈൽസ്റ്റോൺ 2 നള്ള കൺസൾട്ടൻസി ബിൽ തുകയായാണ് 1212078/- രൂപ നല്കിയിരിക്കുന്നത്..തുക നല്കുമ്പോൾ ആദായനികുതി പിരിച്ച് ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയെങ്കിലും 14.5 % നിരക്കിൽ സേവനനികുതി ഈടാക്കി സെൻട്രൽ എക്സൈസ് വകുപ്പിൽ ഒടുക്കിയിട്ടില്ല. താഴെ പറയും പ്രകാരം 175751/- രൂപ ഏജൻസിയ്ക്ക് തുകനൽകുമ്പോൾ ഈടാക്കേണ്ടതായിരുന്നു.

1212078x14.5/100= 175751/-

അപാകതയ്ക്ക് വിശദീകരണം നല്കനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.175751/- രൂപ ഈടാക്കി നികുതി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷത്തിൽ 115,116,118,119,120,128,136,130,140,161,162,196,197,198എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള ഇനങ്ങൾ മാത്രവുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു.മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും,ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ പദ്ധതികളുടെ വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയത് സർക്കാർ നിർദ്ദേശം പാലിക്കാതെയാണ്. ഓഡിറ്റ് വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഗ്രാമപഞ്ചായത്തിലെ 21വാർഡുകളിലെയും ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയാണ് ചെയ്തത് .ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ ക്രമീകരിച്ചിട്ടില്ല. ഇത് ശരിയായ നടപടിയല്ല.ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ സംഗതിയിൽ ഒരു പ്രത്യേക പദ്ധതിയിലേക്ക് ഓരോ വാർഡിനും വേണ്ട മുൻഗണനാ ലിസ്റ്റ് ഗ്രാമ സഭ തയ്യാറാക്കുകയും, അർഹതയ്ക്കും മുൻഗണനാക്രമത്തിലുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയും മേൽ ലിസ്റ്റുകളിൽ നിന്നും പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുപ്പ് നടത്തുകയുമാണ് വേണ്ടത് വാർഡു തലത്തിൽ ടാർജറ്റ് ഉണ്ടാക്കാൻ പാടില്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റുകൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/26.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസൂത്രണ പ്രക്രിയയിൽ ഗുണഭോക്തൃ ലിസ്റ്റുകൾ തയ്യാറാക്കേണ്ടത് കുറ്റമറ്റ രീതിയിലായിരിക്കണം ആയത് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-7 എസ്.എസ്.എ പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച

നിർവ്വഹണം ഹെഡ് മാസ്റ്റർ

അടങ്കൽ 650000/- (വികസനഫണ്ട്)

ചെലവ് 650000/-

ബിൽനം തി. 1/16 20.01.16

ഗ്രാമ പഞ്ചായത്തിലെ എസ്.എസ്.എ പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 3654898/- രൂപ അനുവദിച്ചതായി എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ്(കത്ത് നം സി.591/2014തി.10.09.2015) മേൽതുക എസ്.എസ്.എ യ്ക്ക് കൈമാറിയത്, എന്നാൽ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയെന്നത് സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-8 അങ്ങാടി ശുചീകരണം, മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

നിർവ്വഹണം മെഡി.ഓഫീസർ (പി.എച്ച്.സി)

പ്രോജക്ട് നം 40/16

അടങ്കൽ 378700/- (തനത് ഫണ്ട്)

ചെലവ് 351800/-

ചെക്ക് നം/തി./തുക

1) 748510/ 20.10.15/175000/

2) 748538/24.2.16 / 119000/-

3) 748556/31.3.16/ 57800/-

ഗ്രാമ പഞ്ചായത്തിലെ വള്ളിക്കാട്,കൈനാട്ടി,ചോറോട്,പെരുവട്ടംതാഴ, എന്നീ അങ്ങാടികൾ കുടുംബശ്രീ പ്രവർത്തകരെക്കൊണ്ട് ശുചിയാക്കുന്നതിന് വേതനം കൊടുക്കുന്നതിന് വേണ്ടിയാണ് ഈപദ്ധതി നടപ്പാക്കിയത്. സ.ഉ (എം.എസ്)നം362/2013/തസ്വഭവ തി.16.11.13 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പൊതുമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം വാങ്ങുന്നതിനും,ആയത് സ്ഥാപിക്കുന്നതിനും,മാലിന്യങ്ങൾ കൊണ്ട് പോകുന്നതിനുള്ള വാഹനങ്ങൾ വാങ്ങുന്നതിനും, മാലിന്യങ്ങൾ കൊണ്ട് പോകുന്നതിനും,സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി മാലിന്യപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നല്കുന്നതിനും മാത്രമേ പ്രോജക്ടുകൾ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (9/26.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സർക്കാർ ഉത്തരവിന്റെ ആമുഖം 7-3ൽ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന ശുചീകരണ പ്രവർത്തികൾക്കുള്ള തുകകൾ ബജറ്റിൽ പ്രത്യേകം മാറ്റിവെയ്ക്കേണ്ടതാണെന്നും, പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ലെന്നും പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ നിർദേശം പാലിച്ചിട്ടില്ല. അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-9 അങ്കണവാടികളിൽ പൂരക പോഷകാഹാര വിതരണം- ടെണ്ടർ ക്ഷണിക്കാതെ പാൽ വാങ്ങി വിതരണം നടത്തി.

ഗ്രാമ പഞ്ചായത്തിലെ 35 അങ്കണവാടികളിലെ കുട്ടികൾക്ക് പൂരക പോഷകാഹാര പദ്ധതിയിൽ (പ്രോജക്ട് നം 32/16) ഉൾപ്പെടുത്തി പാൽ (150മില്ലി. വീതം)വിതരണം നടത്തിയിട്ടുണ്ട്.ലിറ്ററിന് 40/- രൂപ നിരക്കിൽ വെള്ളികുളങ്ങര കോ.ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റിയാണ് പാൽ വിതരണം നടത്തിയത്.ഇതിനായി ഓഡിറ്റ് വർഷം പദ്ധതി വിഹിതത്തിൽ നിന്നും 514207/-രൂപ ചെലവഴിച്ചിട്ടുണ്ട്.ജി.ഒ (പി)259/2010 തസ്വഭവ 08.11.2010 പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിംഗ് നടത്തണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം ദിനപ്പത്രത്തിലും പരസ്യം ചെയ്യണം, എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കാതെ മേൽ സൂചിപ്പിച്ച സൊസൈറ്റിയിൽ നിന്നും പാൽ നേരിട്ട് വാങ്ങുകയാണ് ചെയ്തത്. ഇത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/26.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല.അങ്കണവാടികളിലേക്ക് പാൽ വാങ്ങുന്നത് നടപടിക്രമങ്ങൾ പാലിച്ചാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമ പഞ്ചാത്തിലെ നിരാലംബരായ അഗതികളുടെ ഉന്നമനത്തിനായി പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. 2003-04 വർഷത്തിലാണ് ഈ പദ്ധതി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത് എന്നാൽ ലക്ഷ്യം കൈവരിക്കുന്നതിൽ പദ്ധതി പൂർണ്ണമായും വിജയിച്ചിട്ടില്ല.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സേവന പാക്കേജ് | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ചത് | ഭൗതികനേട്ടം |
|---|---|---|---|---|
| വീട് | 53 | 1855000 | 600000 | 13 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി |
| വീട് റിപ്പയർ | 34 | 340000 | 145000 | 9വീടുകൾ റിപ്പയർ ചെയ്തു |
| കക്കൂസ് | 8 | 16000 | ------ | ------ |
| കുടിവെള്ളം | 13 | 120000 | ----- | |
| ഭക്ഷണം | 92 | 460000 | 121742 | 92 കുടുംബങ്ങൾക്ക് ഭക്ഷണം നൽകി വരുന്നു |
| ചികിത്സ | 81 | 405000 | 14003 | 60പേർക്ക്ചികിത്സ ലഭ്യമാക്കി |
| വിദ്യാഭ്യാസം | 21 | 105000 | ---- | --- |

മേൽ കാണിച്ച വിവരങ്ങളിൽ നിന്നും അഗതികളുടെ അടിസ്ഥാന ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ലെന്ന് കാണാൻ കഴിയും.

ഗ്രാമപഞ്ചായത്തിലെ നിരാലംബരായ അഗതികളുടെ ഉന്നമനത്തിനായി രൂപീകരിച്ച പദ്ധതിയാണത്. എന്നാൽ പദ്ധതി ആരംഭിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടില്ല.പദ്ധതി നടത്തിപ്പിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/26.12.16)മറുപടി ലഭ്യമാക്കിയിട്ടില്ല.കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തി ആശ്രയാ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-11 കുടുംബശ്രീ എസ്.സി.എ.ഫണ്ട് ചെലവഴിച്ചില്ല.

കുടുംബശ്രീ സംസ്ഥാന മിഷൻ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ഇനത്തിൽ നൽകിയ തുകയിൽ 347628/- രൂപ ചെലവഴിക്കാതെ സി.ഡി.എസ്.അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 15.07.2003ന് 159374/-രൂപയും 21.03.2004ന് 216850/-രൂപയും കൂടി ആകെ 376224/- രൂപയാണ് ഈ ഇനത്തിൽ സി.ഡി.എസ്.അക്കൗണ്ടിൽ

(നമ്പർ 2231.SCBചോറോട്) വരവ് വന്നത് .കുടുംബശ്രീ അയൽ കൂട്ടങ്ങൾക്ക് 60% സംരംഭ സബ്സിഡിയായും,15% പരിശീലനത്തിനും,25% അടിസ്ഥാന സൗകര്യത്തിനും വിനിയോഗിക്കുവാൻ നൽകേണ്ട ഈ തുക ചെലവഴിക്കാതെ സി.ഡി.എസ് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുക ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/26.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല.ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി സർക്കാർ നൽകുന്ന ഫണ്ടുകൾ ചെലവഴിക്കാതെ ദീർഘകാലം ബേങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. മേൽ തുക വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഐ.എ വൈ. ഗ്രാമ പഞ്ചാത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണം അസി.സെക്രട്ടറി

പ്രോജക്ട് നം 64/16

അടങ്കൽ 100000/-(വികസന ഫണ്ട് s.c.p)

ചെലവ് 40000/-

ബിൽ നം. തി. 2/16 28.10.2015

ഐ.എ.വൈ.പട്ടികജാതി ഭവന നിർമ്മാണ ഗുണഭോക്താക്കൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി മേൽ തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.(ഡി.ഡി.നം.തി.729336/28.10.2015)എന്നാൽ ഇതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.ചെലവ് തുക 40000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ക്ഷീര ഗ്രാമം പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട്നം 109/16

അടങ്കൽ 90000/-(വികസനഫണ്ട്)

ചെലവ് 90000/-

ബിൽ നം. തി. തുക 1/16 13.03.16 45000/-

2/16 19.03.16 45000/-

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയാണിത് വനിതാ കർഷകർക്ക് കറവ പശുക്കളെ വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പാക്കിയത്.പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്)നം362/13തസ്വഭവ തി.16.11.2013 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖ അനുബന്ധം 16/ 3.2.1ൽ പരാമർശിച്ച പ്രകാരം കുടുംബ വാർഷിക വരുമാനം 50000/- രൂപയിൽ കവിയാത്തവർക്കാണ് ആനുകൂല്യത്തിനർഹതയുള്ളൂ എന്നാൽ ഇത് ഉറപ്പുവരുത്തുന്നതിന് ബി.പി.എൽ./വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.
2. മേൽ പദ്ധതി മാർഗ്ഗരേഖയിൽ പശുക്കളെ വാങ്ങുന്നത് പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് ഗുണഭോക്തക്കളുടെ 7 പേരടങ്ങുന്ന സമിതിയായിരിക്കണം.ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം.നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം.എന്നാൽ ഇത് ഉറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും ഫയലിൽ ഇല്ല
3. ഈ പദ്ധതി നിർവ്വഹണം നടത്തേണ്ടിയിരുന്നത് വെറ്റിനറി സർജനാണ്. എന്നാൽ ഡയറി ഫാം ഇൻസ്ട്രക്ടറെയാണ് നിർവ്വഹണംഏല്പിച്ചത്.ഇത് ശരിയായനടപടിയല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/26.12.16)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-14 വിള ഇൻഷൂറൻസ് അടയ്ക്കാത്ത കർഷകർക്ക് നെൽകൃഷി കൂലിചെലവ് പദ്ധതിയിൽ ആനുകൂല്യം നൽകി

പ്രോജക്ട് നം 25/16

അടങ്കൽ 18000/- (വികസന ഫണ്ട്)

ചെലവ് 10800/-

ബിൽ നം. തി. 11/16. 26.03.2016

ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. ജി.ഒ (എം.എസ്) 362/2013 തസ്വഭവ തി.16.11.2013 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗ രേഖയിൽ അനുബന്ധം 16 ഖ. 3.1.5 ൽ വിള ഇൻഷൂറൻസ് തുക മുൻകൂറായി അടയ്ക്കുന്ന കർഷകർക്കാണ് ഈ പദ്ധതിയിൽ ആനുകൂല്യം നൽകേണ്ടതെന്ന് നിർദ്ദേശിക്കുന്നുണ്ട്.ഇതിന് പുറമെ മറ്റേതെങ്കിലും സ്കീം പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല എന്നും പരാമർശിക്കുന്നുണ്ട്.എന്നാൽ ഈ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികളൊന്നുംതന്നെ സ്വീകരിച്ചതായി കാണുന്നില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 15/26.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-15 പദ്ധതി രൂപീകരണം മോണിറ്ററിംഗ് - നിർവ്വഹണത്തിൽ വീഴ്ച

നിർവ്വഹണം സെക്രട്ടറി

പ്രോജക്ട് നം 2/16

അടങ്കൽ 200000/- (തനത് ഫണ്ട്)

ചെലവ് 90810/-

പദ്ധതി രൂപീകരണം,ഗ്രാമസഭാ നടത്തിപ്പ്, ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഫോറങ്ങളുടെ അച്ചടി,പദ്ധതിരേഖകളുടെ പ്രിന്റിംഗ്,വികസന സെമിനാറുകളുടെ ചെലവുകൾ എന്നിവയ്ക്കായാണ് പ്രധാനമായും ഈ പദ്ധതിയിൽ തുക ചെലവഴിച്ചിരിക്കുന്നത്.എന്നാൽ പദ്ധതികളുടെ മോണിറ്ററിംഗും,സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്തിയതായി കാണുന്നില്ല.

ജി.ഒ (എം.എസ്)362/2013 തസ്വഭവ തി.16.11.2013 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖയുടെ ആമുഖം ഖണ്ഡിക 19 ൽ പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും,ഇതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്നും പരാമർശിക്കുന്നുണ്ട്.മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. ഇതിന് പുറമെ പദ്ധതികളുടെ മോണിറ്ററിംഗിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളൊന്നുംതന്നെ ഗ്രാമ പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല. വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/26.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രോജക്ട് നം 38/16

അടങ്കൽ 200000/-(വികസന ഫണ്ട്)

ചെലവ് 200000/-

ബിൽനം,തിയ്യതി 1/16 29.03.2016

ഗ്രാമ പഞ്ചായത്തിലെ മൽസ്യതൊഴിലാളികളുടെ മക്കൾക്ക്കസേരയും മേശയും വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടി കൂടാതെ കാഡ്കോയിൽനിന്ന് നേരിട്ടാണ് സാധനങ്ങൾ വാങ്ങിയത് (ഇൻവോയ്സ് നം 506/16തി.22.03.2016) എന്നാൽ ഇത് സംബന്ധിച്ച് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ഉത്തരവ് കാഡ്കോയിൽനിന്നുള്ള പ്രൈസ് ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. ജി.ഒ.(എംഎസ്)362/2013തസ്വഭവ16.11.2013 പ്രകാരമുള്ള 12ാം പദ്ധതി മാർഗ്ഗരേഖ അനുബന്ധം 16-3.4.7ൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചാണ് സാധനങ്ങൾ വാങ്ങേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ കമ്മിറ്റി രൂപീകരിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/26.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 200000/- തടസ്സത്തിൽ വെക്കുന്നു.

## 3-17 മീഡിയാശ്രീ പദ്ധതി - പ്രവർത്തനം പൂർത്തിയാക്കിയില്ല

നിർവ്വഹണം അസി. സെക്രട്ടറി

പ്രോജക്ട് നം 92/16

അടങ്കൽ 65000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് 65000/-

ബിൽനം,തി 1/16, 24.06.2015

ഗ്രാമ പഞ്ചായത്തിന്റെ ചരിത്രവും, വർത്തമാനവും പദ്ധതികളും നിലവിലെ ഭരണ സമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 65000/-രൂപ(ഡി.ഡി.നം.593743/29.6.2015) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.എന്നാൽ ഇത് സംബന്ധിച്ച് നടന്ന പ്രവർത്തനങ്ങളുടെ ഫയൽ,വീഡിയോ ഡോക്യുമെന്ററി സി.ഡികൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 65000/- തടസ്സത്തിൽ വെക്കുന്നു.

## 3-18 അഞ്ച് വർഷക്കാലത്തെ വികസന രേഖ പ്രസിദ്ധീകരിക്കൽ. അപാകതകൾ

നിർവ്വഹണം സെക്രട്ടറി

പ്രോജക്ട് നം 13/16

അടങ്കൽ 50000/- (തനത് ഫണ്ട്)

ചെലവ് 49600/-

ചെക്ക് നം.തിയ്യതി. 19007/7.10.15

ഗ്രാമ പഞ്ചായത്തിൻെറ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു കൈപ്പുസ്തകം തയ്യാറാക്കി (4000കോപ്പികൾ)വിതരണം നടത്തിയതാണ് ഈ പദ്ധതിയിൽ നടത്തിയ പ്രവർത്തനം. ആസൂത്രണ പ്രക്രിയയുടെ ഭാഗമായി ഓരോ വർഷവും പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച് പുസ്തകം തയ്യാറാക്കി വിതരണം നടത്തി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ മറ്റൊരു കൈപ്പുസ്തകം ഇതേ ആവശ്യത്തിനായി അച്ചടിക്കേണ്ട ആവശ്യം ഇല്ല.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (19/26.12.16) ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 49600/- തടസ്സത്തിൽ വെക്കുന്നു.

## 3-19 ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ചോറോട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ,വിതരണ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2015-16 വർഷത്തിൽ 1103 ക്ഷേമപെൻഷൻ അപേക്ഷകൾ പഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ട്.പ്രസ്തുത അപേക്ഷകളിൽ ഒന്നുപോലും 45 ദിവസത്തെ സമയപരിധിക്കുള്ളിൽ തീർപ്പാക്കിയിട്ടില്ല.

ക്ഷേമപെൻഷൻ അപേക്ഷകൾ ഫയലിൽ സ്വീകരിച്ച് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിൽ നാല് മാസം വരെ കാലതാമസമുണ്ടാകുന്നു. ഉദാ: 01.01.2016 ൽ ലഭിച്ച വിധവാ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയത് 25-04-2016 തീയതിയിലാണ്.മേൽ അപേക്ഷകളിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ അന്വേഷണം നടത്തി ഫയൽ തിരിച്ചേൽപ്പിച്ചത് 18.07.2016 തീയതിയിലാണ്.കാലതാമസമുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

അപേക്ഷാ രജിസ്റ്ററുകൾ അപൂർണ്ണമാണ്.രജിസ്റ്ററിൽ ഫയലിൽ സ്വീകരിച്ച മുഴുവൻ നടപടികളും രേഖപ്പെടുത്തുന്നില്ല.ഓരോ ക്ഷേമപെൻഷൻ പദ്ധതികൾക്കും നിഷ്കർഷിച്ച മാതൃകയിലുള്ള അപേക്ഷാരജിസ്റ്ററുകളല്ല ഉപയോഗിക്കുന്നത്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-20 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിച്ചത്- പഴയ മോട്ടോർ കൈയ്യൊഴിഞ്ഞില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രൊജക്ട്: 187/16-കണിയാൻ കുന്ന് പുതുശ്ശേരി പറമ്പ് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി വയ്ക്കൽ

എസ്റ്റിമേറ്റ് തുക-344100

ചെലവ്- 338171/-വൌ.നം 1/17.8.15

കണിയാൻ കുന്ന്, പുതുശ്ശേരി പറമ്പ് എന്നീ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി വയ്ക്കുന്നതിനുള്ള പ്രൊജക്ടിനായി 338171/- രൂപ ചെലവഴിച്ചിട്ടുണ്ട്. താഴെ പറയുന്ന അപാകതകൾ പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ചിട്ടുണ്ട്.

1. മേൽ പദ്ധതികളുടെ പമ്പ് സെറ്റ് മാറ്റി വയ്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന യാതൊരു വിശദാംശങ്ങളും പ്രൊജക്ടിലോ അനുബന്ധരേഖകളിലോ ലഭ്യമല്ല.
2. 338171/- രൂപയുടെ ഇൻവോയ്സ് സമർപ്പിച്ചതിനെ തുടർന്ന് റെയ്ഡ്കോയ്ക്ക് തുക നല്കിയതല്ലാതെ ,പമ്പ് സെറ്റുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, അസി.എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമല്ല.പദ്ധതിനിലവിൽ പ്രവർത്തനക്ഷമമാണോയെന്നും വ്യക്തമല്ല.
3. പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ നിവിലുണ്ടായിരുന്ന് പഴയ മോട്ടോറുകൾ എന്തു ചെയ്തുവെന്ന് വ്യക്തമല്ല.

മേൽ കാര്യങ്ങളിൽ വ്യക്തത വരുത്താനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സസപ്പെടുത്തുന്നു.

.

## 3-21 തെരുവുവിളക്കുകളുടെ എ.എം.സി നല്കിയത്- ആദായനികുതി ഈടാക്കിയില്ല

നിർവ്വഹണം: സെക്രട്ടറി

പ്രൊജക്ട്: 14/16-തെരുവുവിളക്കുകളുടെ എ.എം.സി

അടങ്കൽ:560250/-(പ്രത്യേക ഗ്രാന്റ്)

ചെലവ് തുക: 280125/- വൌ.നം-21500991/30.3.16

തെരുവു വിളക്കുകളുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്, വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ട് കോ-ഓപ് സൊസൈറ്റി കരാറിലേർപ്പെട്ട് ഏറ്റെടുക്കുകയും ഓഡിറ്റ് വർഷത്തിൽ മേൽ വൌച്ചർ പ്രകാരം 280125/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരന് തുക നല്കുമ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി കുറവ് വരുത്താതെയാണ് തുക നല്കിയിരിക്കുന്നത് .കരാർ ഏറ്റെടുത്തത് സൊസൈറ്റിയായതിനാൽ ,ബിൽ തുകയുടെ 2% നികുതിയായി ഈടാക്കേണ്ടതായിരുന്നു.വീഴ്ചയ്ക്ക് വിശദീകരണം നല്കേണ്ടതും 5602/- രൂപ ഈടാക്കി നികുതി ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-22 മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നത് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ് സൊസൈറ്റിയാണ്.പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയ മുഴുവൻ പ്രവൃത്തികളുടെയും കാര്യത്തിൽ , തുക നല്കുമ്പോൾ 4% നിരക്കിലാണ് വില്പനനികുതി ഇടാക്കിയത്.ഇത് കോമ്പൌണ്ട് ചെയ്ത നിരക്കായതിനാൽ നികുതി കോമ്പൌണ്ട് ചെയ്തതിന് വില്പന നികുതി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം സൊസൈറ്റി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സാക്ഷ്യപത്രം ആവശ്യപ്പെടാതെയാണ് സൊസൈറ്റിയ്ക്ക് തുക അനുവദിച്ചിരിക്കുന്നത്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലുമാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. തൻവർഷം 10221858/- രൂപയുടെ പ്രവൃത്തിചെയ്തിരിക്കയാൽ നികുതിയിനത്തിൽ 102218/- രൂപയുടെ കുറവ് വന്നിട്ടുണ്ട്(ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ച പ്രവൃത്തികളുടെ ചെലവ് ഇതിൽ നിന്നും കുറവ് വരുത്താവുന്നതാണ്) ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വടകര ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 100000 | 0 |
| വടകര ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 112500 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 112500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | തുക | | |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കൽ,ലൈൻ വലിക്കൽ(മുട്ടുങ്ങൽ സെക്ഷൻ രണ്ടാം ഘട്ടം ) | -- | 117740 | 117740 | 0 |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കൽ,ലൈൻ വലിക്കൽ(മുട്ടുങ്ങൽ സെക്ഷൻ രണ്ടാം ഘട്ടം ) | Vr.No. 21500965 | 500000 | 0 | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6260000 രൂപയുടെ വരവുണ്ട്.വായ്പയിനത്തിൽ തിരിച്ചടവുകളൊന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 23500000 |
| ആകെ | 23500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം | 23500000 |
| ആകെ | 23500000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65492983 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71338678 |
| വരവിനങ്ങളിലുള്ള നഷ്ടം | 1860 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 78418 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 692771 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1400 | | മുസ്തഫ എ.വി, സെക്രട്ടറി |
| 2-6 | 460 | | മുസ്തഫ എ. വി, സെക്രട്ടറി |
| 3-3 | | 78418 | സിമി ഭാസ്കർ,അസി.എഞ്ചിനീയർ |
| ആകെ | 1860 | 78418 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-12 | 40000 | മുസ്തഫ വി,സെക്രട്ടറി |
| 3-16 | 200000 | ഉണ്ണികൃഷ്ണൻ കെ പി,ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-17 | 65000 | മുസ്തഫ വി, സെക്രട്ടറി |
| 3-18 | 49600 | മുസ്തഫ വി, സെക്രട്ടറി |
| 3-20 | 338171 | സിമി ഭാസ്കർ,അസി.എഞ്ചിനീയർ |
| ആകെ | 692771 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 175751/- | മുസ്തഫ വി, സെക്രട്ടറി |
| 3-21 | 5602/- | മുസ്തഫ വി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുസ്തഫ വി, സെക്രട്ടറി | സെക്രട്ടറി, ചോറോട് ഗ്രാമപഞ്ചായത്ത്. | ആശാരി വളപ്പിൽ, പയ്യോളി.പി.ഒ, കോഴിക്കോട്, 673307 |
| സിമി ഭാസ്കർ | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ.എസ്.ജി.ഡി, ചോറോട് | വയലിൽ, പുല്ലൂർ.പി.ഒ, 671533, കാസർഗോഡ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90, 90-91 | എൽ.എഫ്.കെ.കെ.ഡി/പി 5/559/10 തീയതി 15.07.2010 | 7 |

| | | |
|---|---|---|
| 1991-92 | എൽ.എഫ്.കെ.കെ.ഡി/പി 5/560/10 | 8 |
| 1992-93,93-94 | എൽ.എഫ്.കെ.കെ.ഡി/എസ്2/ 1227/94 തീയതി 27.04.1995 | 7 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി/പി 5/144/96 തീയതി 02.01.1997 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(3)/13തീയതി 23.08.2013 | 4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(6)/13തീയതി 23.08.2013 | 6 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(8)/13തീയതി 23.08.2013 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(9)/13തീയതി 23.08.2013 | 1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(10) /13തീയതി 23.08.2013 | 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/എസ്1/1214/08 തീയതി 30.04.2009 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/എസ്1/1225/08 തീയതി 30.04.2009 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്1/706/09 തീയതി 22.01.2010 | 15 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി 5/1195/11 തീയതി 12.10.2011 | 22 |

| | | |
|---|---|---|
| | | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി 5/781/12 തീയതി 12.06.2012 | 8 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി 5/782/12 തീയതി 12.06.2012 | 14 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/പി 5/895/14 തീയതി 06.08.2014 | 20 |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി/പി 5/858/15 തീയതി 03.08.2015 | 21 |
| 2014-15 | നം.കെ.എസ്.എ/കെ.കെ.ഡി/പി 6 /991 /2016 | 11 |

ഡപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി.6/97/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-23-1-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA.KKD/P6/97/2017.

Kerala State Audit Department
District Audit Office, Kozhikode
Phone 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated 23-01-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chorode Grama Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Chorode Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.